കേരള സർക്കാർ
ഫിഷറീസ് വകുപ്പ്
സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് , ഫിഷറീസ് ട്രെയിനിംങ്ങ് സെന്റർ, യു.സി. കോളേജ് പി.ഒ, കിഴക്കെ കടുങ്ങല്ലൂർ, ആലുവ – 683102
ഫോൺ/ഫാക്സ്: 0484 – 2607643, ടോൾ ഫ്രീ: 1800 425 7643, വെബ്സൈറ്റ്: www.safkerala.org, ഇ. മെയിൽ: saf4help@gmail.com

No.SAF/Audit/1680/2024 തീയതി: 03/08/2026

## താല്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനവും ശാക്തീകരണവും ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കേരള സർക്കാർ ഫിഷറീസ് വകുപ്പിനു കീഴിലെ ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്). ഈ ലക്ഷ്യം കൈവരിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ പ്രവർത്തക ഗ്രൂപ്പുകളുണ്ടാക്കി ബദൽ ജീവനോപാധി മേഖലകളിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക – സാമ്പത്തിക – പരിപാലന സഹായങ്ങൾ സാഫ് നൽകിവരുന്നു. പ്രാദേശിക സാധ്യതക്കനുസൃതമായ സൂക്ഷ്മ സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്ന പിന്തുണ സംവിധാനവും സാഫ്, തീരമൈത്രി പദ്ധതി വഴി നൽകിവരുന്നു. കേരളത്തിലെ 14 ജില്ലകളിലുമായി പ്രവർത്തിക്കുന്ന നോഡൽ ഓഫീസുകൾ വഴിയാണ് സാഫ് പദ്ധതി നിർവ്വഹണം നടത്തപ്പെടുന്നത്.

സാഫിന്റെ പ്രവർത്തനങ്ങളും ധനവിനിയോഗവും സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് സമയബന്ധിതമായി ഓഡിറ്റിംഗിന് വിധേയമാക്കി വരികയാണ്. ഈ നടപടിക്രമങ്ങളുടെ ഭാഗമായി 2025-26 വർഷത്തിൽ സാഫ് മുഖേന നടപ്പിലാക്കിയ Alternative and Supportive Livelihood Opportunity to Fisher Women of Kerala, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കുന്ന 3R, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കുന്ന JLG എന്നീ പദ്ധതികളിലെ 2025 ഏപ്രിൽ മുതൽ 2026 മാർച്ച് വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ കാര്യശേഷിയും പരിചയ സമ്പത്തുമുള്ള അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാർ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു.

എറണാകുളം ജില്ലയിൽ ആലുവ, കിഴക്കെ കടുങ്ങല്ലൂരിൽ സ്ഥിതിചെയ്യുന്ന സാഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കേരളത്തിലെ 14 ജില്ലകളിൽ പ്രവർത്തിക്കുന്ന നോഡൽ ഓഫീസുകൾ, 117 തീരദേശ പഞ്ചായത്തുകളിലായി രൂപീകരിച്ചിട്ടുള്ള തീരമൈത്രി മാനേജമെന്റ് കൗൺസിലുകളുടെ എന്നിവയുടെ കണക്കുകൾ, എറണാകുളം ജില്ലയിൽ ഞാറയ്ക്കൽ പ്രവർത്തിക്കുന്ന സാഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് അപ്പെക്സ് ഫെഡറേഷൻ, തൃശ്ശൂർ ജില്ലയിലെ

കൊടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന ഫിഷ് & ഫിഷ് പ്രോസസ്സിംഗ് കാറ്റഗറി ഫെഡറേഷൻ എന്നിവയിലെ കണക്കുകളാണ് ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടത്. തീരമൈത്രി മാനേജമെന്റ് കൗൺസിലുകളുടെ കണക്കുകൾ അതാത് ജില്ലാ നോഡൽ ഓഫീസുകളിൽ വച്ചാണ് ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടത്.

അവസാന തീയതി 14/08/2026 വൈകിട്ട് 4.00 മണി വരെ ആയിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 0484- 2607643

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്
&
എക്സിക്യൂട്ടീവ് ഡയറക്ടർ, സാഫ്

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ
സാഫ്
തീയതി..............
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്

പകർപ്പ് : (1) ജോയിന്റ് ഡയറക്ടർ ഓഫീസ് (മധ്യമേഖല), എറണാകുളം

(2) നോട്ടീസ് ബോർഡ്, NIFAM, കിഴക്കെ കടുങ്ങല്ലൂർ